**കേരള സർക്കാർ**

**സംഗ്രഹം**

പൊ.വി.വ-തയ്യൽ അദ്ധ്യാപക തസ്തികയ്ക്കുള്ള യോഗ്യത-കേരളാ ഇൻഡസ്ട്രീസ് & ലേബർ എംപ്ലോയ്മെന്റ് (KILE) നൽകുന്ന ഡിപ്ലോമ ഇൻ ഫാഷൻ ടെക്നോളജി കോഴ്സ് യോഗ്യതയായി നിശ്ചയിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതുവിദ്യാഭ്യാസ (ജെ) വകുപ്പ്**

**സ.ഉ (കൈ) നം.74/2018/പൊവിവ തിരുവനന്തപുരം, തീയതി 29/05/2018**

പരാമർശം:- 1. 14-1-16-ലെ പ്രോഗ്രാം 1/949/2014/എസ്.സി.ഇ.ആർ.ടി നമ്പരായ എസ്.സി.ഇ. ആർ.ടി ഡയറക്ടറുടെ കത്ത്.
2. 15-11-16-ലെ എച്ച്3/14693/16/ഡിപിഐ നമ്പരായ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കത്ത്.

**ഉത്തരവ്**

കേരളാ ഇൻഡസ്ട്രീസ് & ലേബർ എംപ്ലോയ്മെന്റ് നടത്തിവരുന്ന ഡിപ്ലോമ ഇൻ ഫാഷൻ ടെക്നോളജി കോഴ്സ് കേരളത്തിലെ സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ തയ്യൽ ടീച്ചർ തസ്തികയ്ക്കുള്ള യോഗ്യതയായി ഇതേവരെ പരിഗണിച്ചിട്ടില്ല. ആയതിനാൽ പ്രസ്തുത യോഗ്യത നേടിയ ഉദ്യോഗാർത്ഥികൾക്ക് കേരളത്തിലെ തയ്യൽ ടീച്ചർ തസ്തികകളിലേയ്ക്ക് നിയമനം ലഭിക്കുന്നില്ല എന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽ വരികയുണ്ടായി. സർക്കാർ ഇക്കാര്യം എസ്.സി.ഇ.ആർ.ടി ഡയറക്ടറുടെ ഒന്നാമത് പരാമർശിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ച് അതിൻപ്രകാരം എയ്ഡഡ്/ സർക്കാർ സ്കൂളുകളിലെ തയ്യൽ അദ്ധ്യാപക തസ്തികകളിലേക്കുള്ള നിയമനത്തിന്, ഇപ്പോൾ നിശ്ചയിച്ചിട്ടുള്ള യോഗ്യകതൾ കൂടാതെ കേരളാ ഇൻഡസ്ട്രീസ് & ലേബർ എംപ്ലോയ്മെന്റ് നടത്തുന്ന ഡിപ്ലോമ ഇൻ ഫാഷൻ ടെക്നോളജി കോഴ്സ് കൂടി യോഗ്യതായി നിശ്ചയിച്ച് ഉത്തരവാകുന്നു.

ഇതു സംബന്ധിച്ച് KER ലെ ബന്ധപ്പെട്ട ചട്ടങ്ങളിൽ പിന്നീട് ഭേദഗതി വരുത്തുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
എച്ച്.നജീബ്
ജോയിന്റ് സെക്രട്ടറി

പകർപ്പ്:

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർക്കും, ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും,ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും (പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ,കിലെ,തൊഴിൽ ഭവൻ,വികാസ് ഭവൻ.P.O,തിരുവനന്തപുരം
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം.
ഡയറക്ടർ, ഐ.റ്റി @ സ്കൂൾ, തിരുവനന്തപുരം, (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
ഡയറക്ടർ, വെബ് & ന്യൂമീഡിയ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള തിരുവനന്തപുരം.

ഉന്നത വിദ്യാഭ്യാസ വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി
ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയുടെ പി.എ ക്ക്
വിദ്യാഭ്യാസ വകുപ്പിലെ എല്ലാ ഓഫീസർമാർക്കും, സെക്ഷനുകൾക്കും

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ